# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4379 — 17.05.2017-ൽ മറുപടിയ്ക്ക്

## അന്താരാഷ്ട്ര ആയുർവേദ കേന്ദ്രം

| ചോദ്യം<br>ശ്രീ.എ.എൻ.ഷംസീർ | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| സംസ്ഥാനത്ത് അന്താരാഷ്ട്ര ആയുർവേദ കേന്ദ്രം നിർമ്മിക്കാനുള്ള പദ്ധതി ഉണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി? | കണ്ണൂർ ജില്ലയിൽ റവന്യൂ വകുപ്പ് കണ്ടെത്തുന്ന ഉചിതമായ സ്ഥലത്ത് ഉദ്ദേശം മുന്നൂറ് കോടി രൂപ ചെലവിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ ഒരു അന്തർദേശീയ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 13-ാം പദ്ധതിക്കാലത്ത് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.<br>2016-17-ലെ ബജറ്റിൽ ഈ പദ്ധതിയ്ക്കുവേണ്ടി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച 20 ലക്ഷം രൂപ നടത്തിപ്പ് ഏജൻസിയായ നാഷണൽ ആയുഷ് മിഷന് കൈമാറിയിട്ടുണ്ട്. അതോടൊപ്പം ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ശ്രീ.കേശവേന്ദ്രകുമാർ, ഐ.എ.എസ്., അദ്ധ്യക്ഷനായുള്ള 11 അംഗ വിദഗ്ദ്ധ സമിതിയെ തെരഞ്ഞെടുത്തിട്ടുമുണ്ട്. പ്രസ്തുത സമിതി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് മാർച്ച് മാസത്തിൽ ഒരു ശില്പശാല സംഘടിപ്പിച്ചു. ഈ പദ്ധതിയ്ക്ക് സാമ്പത്തിക സഹായം ഉൾപ്പെടെ അനുവദിക്കുന്നതിന് കേന്ദ്ര ആയുഷ് വകുപ്പ് മന്ത്രിയെ സന്ദർശിച്ച് ചർച്ച നടത്തിയിരുന്നു. കണ്ണൂർ ജില്ലയിൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സ്ഥലം |

| | |
|---|---|
| | കണ്ടെത്തുന്നതിന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനായി മൂലധന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ